## 2010 ആഗസ്ത് 1

# പെന്തിക്കൊസ്തിക്കുശേഷം പത്താം ഞായർ

## മത്താ 18:1–5

ഫാ. ഗീവർഗീസ് കൈതവന

വി. മത്തായിശ്ലീഹാ എഴുതിയ സുവിശേഷത്തിലെ സമൂഹത്തെക്കുറിച്ചുള്ള പ്രഭാഷണം ആരംഭിക്കുന്ന വേദഭാഗമാണ് 18-ാം അധ്യായം. യേശുവിന്റെ സമൂഹം എപ്രകാരം ആയിരിക്കണമെന്നുള്ള വിശുദ്ധമായ പ്രബോധനത്തിന് ആമുഖമായിട്ട്, ഈ സമൂഹത്തിലെ അംഗങ്ങൾക്കുണ്ടായിരിക്കേണ്ട ലളിതവും എന്നാൽ പ്രഥമവുമായ ഗുണത്തെക്കുറിച്ചാണ് ഈ സുവിശേഷഭാഗം വിവരിക്കുന്നത്. അതായത് സ്വർഗരാജ്യം സംലഭ്യമാക്കാൻ ഒരുവനുണ്ടായിരിക്കേണ്ട ഗുണം ശിശുവിന്റെ ഗുണങ്ങളാണ്.

സ്വർഗരാജ്യത്തിലെ വലിയവൻ ആരാണ് എന്നതാണ് കാലങ്ങൾക്കപ്പുറം നിൽക്കുന്ന ശിഷ്യന്റെ സന്ദേഹം. ക്രിസ്തുവിന്റെ പരിമിതികൾക്കുള്ളിൽ നിൽക്കുമ്പോൾ അവനെ സംബന്ധിച്ച പ്രധാന ചോദ്യവും ഇതുതന്നെ. വർത്തമാനകാല സാഹചര്യത്തിലും അറിഞ്ഞോ അറിയാതെയോ നാമും ഊന്നൽ കൊടുക്കുന്ന വിഷയം ഇതുതന്നെയാണ്. എങ്ങനെ അപരനെ താഴ്ത്തിക്കൊണ്ട് വലിയവനാകാൻ സാധിക്കും. ഈ അപകടകരമായ സാധ്യതയെയാണ് ക്രിസ്തു പാടെത്തള്ളിക്കളയുന്നത്. ക്രിസ്തുവിന്റെ യുക്തി അന്നത്തെ കാലത്തെപ്പോലെ ഇന്നും മനുഷ്യ യുക്തിക്ക് വിപരീതമാണ്. “ഇടിച്ചിടിച്ചു നിന്നാൽ പിടിച്ചു പിടിച്ചു കയറാം” എന്ന് നാം ചിന്തിക്കുമ്പോൾ ക്രിസ്തു പറയുന്നു, “വലുതാവാൻ തത്രപ്പെടുകയല്ല വേണ്ടത്, ചെറുതാകാനായി തയ്യാറാവുക.”ചുരുക്കത്തിൽ, ആത്മീയ രംഗത്തെ മാത്സര്യം പോലും അപകടകരമാണ് എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കേണ്ടി വരുന്നു.

രണ്ടു കാര്യങ്ങൾ ക്രിസ്തു ഓർമ്മിപ്പിക്കുന്നു.

**1. എങ്ങനെ സ്വർഗരാജ്യത്തിൽ പ്രവേശിക്കാം?**

**2. ആരാണ് സ്വർഗരാജ്യത്തിലെ വലിയവൻ?**

### എങ്ങനെ സ്വർഗരാജ്യത്തിൽ പ്രവേശിക്കാം?

ക്രിസ്തുവിന്റെ പ്രവർത്തനങ്ങളുടെയും പ്രബോധനങ്ങളുടെയും കാതലായ ഭാഗമാണ് ഒന്നാമത്തെ ചോദ്യത്തിനുത്തരം. ‘മാനസാന്തരപ്പെടുക’ എന്ന ക്രിയാത്മകതയിലേക്കാണ് ക്രിസ്തു വിരൽ ചൂണ്ടുന്നത്. അവന്റെ പരസ്യജീവിതം ആരംഭിക്കുന്നതുതന്നെ ഈ ആഹ്വാനത്തോടുകൂടിയാണ്. “മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു” (4:17). മനുഷ്യന്റെ രണ്ട് സാധ്യതകളെ ക്രിസ്തു തുറന്നുകാണിക്കുന്നു; ഒന്നുകിൽ ദൈവത്തിന്റെ ആഹ്വാനത്തിനു സ്വയം സമർപ്പിക്കുക, അല്ലെങ്കിൽ ഈ ലോകത്തെയും അതിന്റെ ആഢംബരങ്ങളെയും തെരഞ്ഞെടുക്കുക. അവരോടുള്ള ക്രിസ്തുവിന്റെ ആഹ്വാനമാണ് മാനസാന്തരപ്പെടുക എന്നത്. അനുതാപവും മാനസാന്തരവും ദൈവികമായ പാപമോചനം നൽകുന്നുവെന്ന് യഹൂദമതം പഠിപ്പിക്കുന്നു. യഥാർത്ഥത്തിൽ, ദൈവത്തിന്റെ വരവിനായി ഒരുങ്ങുന്ന നമ്മിൽ ഒരു സമൂലമാറ്റം ആവശ്യമാണ്. ദൈവരാജ്യത്തിന്റെ പ്രവേശനത്തിനായി ഒരുങ്ങുന്ന ഒരാൾക്ക് സമൂലമാറ്റത്തിന്റെ അന്തരീക്ഷത്തിൽകൂടി കടന്നുപോയേ മതിയാകൂ എന്നാണ് ക്രിസ്തു ഓർമ്മിപ്പിക്കുന്നത്.

### ആരാണ് സ്വർഗരാജ്യത്തിലെ വലിയവൻ?

ശിശുവിനെപ്പോലെയാകുന്നവർക്കേ സ്വർഗരാജ്യത്തിൽ പ്രവേശിക്കാനാകൂ. സമാന്തര സുവിശേഷങ്ങൾ ഒരേപോലെ വർണിക്കുന്ന യാഥാർത്ഥ്യമാണിത്. യേശു ഒരു കുഞ്ഞിനെ എടുത്ത് അവരുടെ മദ്ധ്യേ നിർത്തിക്കൊണ്ട് അരുളിച്ചെയ്ത വാക്യമാണിത്. ഒന്നാമനാകാൻ ആഗ്രഹിച്ച ശിഷ്യസമൂഹത്തിനു

മുന്നിലായിട്ടാണ് ക്രിസ്തു ഇതു ചെയ്തത്. ശിഷ്യന്മാർ ഒന്നാമനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഏറ്റവും ചെറുതിനെയും ഒന്നുമല്ലാത്തതിനെയുമൊക്കെയാണ് ബഹുമാനിക്കേണ്ടത്. ഒന്നുമല്ലാത്തവരുടെയും ഒന്നുമില്ലാത്തവരുടെയും കൂട്ടുകാരനാണ് ക്രിസ്തു. ശിശുക്കൾ യഥാർത്ഥത്തിൽ ഇപ്രകാരം അവഗണിക്കപ്പെട്ടവരുടെ പ്രതീകമാണ്. യേശുവിന്റെ കാലഘട്ടത്തിൽ കുട്ടികൾക്ക് യാതൊരു പ്രാധാന്യവും നൽകിയിരുന്നില്ല. "പ്രഭാതത്തിലെ നിദ്രയും നട്ടുച്ചയ്ക്കലത്തെ വീഞ്ഞും കൊച്ചുങ്ങളോടുള്ള കിന്നാരവും പൊതുജനം കൂടുന്നിടങ്ങളിലെ അലഞ്ഞുതിരിയലും മനുഷ്യനെ നശിപ്പിക്കുന്നു" എന്ന ചൊല്ലുതന്നെ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. യഹൂദജനം നിസ്സാരരെന്നു കരുതിയ ശിശുക്കളെ യേശു എടുത്തുയർത്തുകയാണു ചെയ്യുന്നത്. ശിശുക്കളുടെ വലിപ്പത്തെ അംഗീകരിക്കുകയാണ് യേശു ചെയ്യുന്നത്. അത് കുറെക്കൂടി വ്യക്തമായി ക്രിസ്തു ഇപ്രകാരം പറയുന്നു. "ഇതുപോലുള്ള ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു". ഇവിടെ 'എന്റെ നാമത്തിൽ' സൂചിപ്പിക്കുന്നത് ശിഷ്യനും യേശുവും തമ്മിലുള്ള ബന്ധമാണ്. യേശുവിന്റെ നാമത്തിന്റെ അടിസ്ഥാനത്തിൽ ശിശുവിനെ (സമൂഹത്തിലെ ദുർബലരെ, ബലഹീനരെ) സ്വീകരിക്കുന്നവൻ യേശുവിനെ സ്വീകരിക്കുന്നു. ശിശുവിനെയും ശിശുവിനെപ്പോലെയുള്ളവരെയും സ്വീകരിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള മനസ് ഒരുവനുണ്ടായാലെ അവനു ക്രിസ്തുവിനെ സ്വന്തമാക്കാനാകൂ.

യഥാർത്ഥത്തിൽ ഒരുവന്റെ നൈർമ്മല്യത്തിലേക്കുള്ള ക്രിസ്തുവിന്റെ ക്ഷണമാണിത്. എന്നാൽ അതിബുദ്ധിമാന്മാരുടെ ഈ കാലത്ത് ശിശുവായിരിക്കുക എന്നത് ഏറെ ക്ലേശകരം തന്നെയാണ്. ശൈശവത്വം സ്വാശ്രയത്തെക്കാൾ ഉപരിയായി പരാശ്രയമാണ്. അടുത്ത നിമിഷം എന്ത് സംഭവിക്കും എന്ന ഉത്കണ്ഠ ശിശുക്കൾക്കില്ല. അതിനാൽ വലിയവനാകുക എന്ന മാത്സര്യവും അവർക്കിടയിലില്ല. നിർമ്മലതയിൽ അവർ ജീവിക്കുന്നു. ദൈവാശ്രയബോധത്തിന്റെ തലങ്ങളിലൂടെ അവരുടെ യാത്ര യഥാർത്ഥത്തിൽ ക്രിസ്തു ശിഷ്യർക്കു നൽകുന്ന ദർശനവും അതുതന്നെയാകാം. അഹത്തിലാശ്രയിക്കാതെ എളിയവരെയും ഒന്നുമില്ലാത്തവരെയും പരിഗണിക്കുന്നതിലും ശുശ്രൂഷ ചെയ്യുന്നതിലുമാണ് ക്രിസ്തുശിഷ്യന്റെ ശ്രേഷ്ഠത അടങ്ങിയിരിക്കുന്നത്. സമൂഹദൃഷ്ടിയിലെ ദുർബലരിൽ നിന്നും വിളിക്കപ്പെട്ട ശിഷ്യന്മാർ ലോകദൃഷ്ടിയിൽ വലിയവരാകാനല്ല വിളിക്കപ്പെട്ടത്. മറിച്ച് ദൈവദൃഷ്ടിയിൽ വലിയവരായിത്തീരാനാണ്. എളിമയെന്ന പുണ്യം ജീവിതത്തിൽ പരിശീലിക്കുന്നവർക്കേ ഇതു സാധിക്കുവെന്നതാണ് യാഥാർത്ഥ്യം.

പെന്തിക്കൊസ്തിക്കാലത്തു നിന്നും തേജസ്ക്കരണ കാലത്തേക്കുള്ള യാത്രയിൽ സഭ നമ്മുടെ ചിന്തയ്ക്കു നൽകുന്ന വിഷയം ശ്രദ്ധേയമാണ്. പരിശുദ്ധാത്മാവിൽ പൂരിതരായ ക്രിസ്തുശിഷ്യർ ആത്മാവിന്റെ ഫലങ്ങളിൽ നിന്നാണ്, വലിയവൻ എന്ന മാത്സര്യഭാവം ഉപേക്ഷിച്ച് ചെറിയവനായി, ശിശുവായി രൂപാന്തരപ്പെടുക. അഹങ്കാരം എന്ന മൂലപാപത്തിൽനിന്ന് എളിമയെന്ന പുണ്യത്തിലേക്ക് രൂപാന്തരം പ്രാപിക്കുക.

ഇന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭ വിശ്വാസ പരിശീലനദിനം ആഘോഷിക്കുന്നു. ഭൗതികതയും അവിശ്വാസവും ആഴത്തിൽ വേരോടുന്ന ഇക്കാലഘട്ടത്തിൽ, വിശ്വാസ പരിശീലനത്തിൽ ഉൾപ്പെടുന്നവരോടും നേതൃത്വം നൽകുന്നവരോടും സഭ ഓർമ്മിപ്പിക്കുന്ന യാഥാർത്ഥ്യം, ശിശുവായിത്തീരുക എന്നതാണ്. എല്ലാവരും പഠിച്ച് വലിയവനായി സ്വന്തം ജീവിതത്തിനു വേലി തീർക്കുമ്പോൾ, ക്രൈസ്തവരായ കുഞ്ഞുങ്ങൾ പഠിക്കുന്നത് ശിശുവിനെപ്പോലെ ചെറിയവനാകാനായിരിക്കണം. എങ്കിലേ അവൻ സ്വർരാജ്യത്തിലെ വലിയവനാകൂ.

ഇന്ന് പതിനഞ്ചു നോമ്പാചരിക്കുവാൻ നാം തുടങ്ങുന്നു. ശക്തന്മാരെ സിംഹാസനങ്ങളിൽ നിന്നിറക്കി എളിയവരെ, ശിശുഹൃദയമുള്ളവരെ ഉയർത്തുന്ന ദൈവം, മറിയത്തിലൂടെ വീണ്ടും അത് ആവർത്തിക്കുന്നു. ദൈവരാജ്യത്തിലെ വലിയവളായി ദൈവം അവളെ ഉയർത്തുന്നു.

************************